**7th IFFF 2024**
**Country Focus -**
**FRANCE**





























# ഫ്രാൻസിൽ നിന്നുള്ള അധുനാധുനിക നാടോടി ചലച്ചിത്രങ്ങളുടെ തിരനോട്ടം

**- ആൽവിൻ ജെയ്ക്കബ് തട്ടിൽ -**

## France

**A SILENT SONG/ Dir:Pascal Duthuin/ 05:05 -Musical**




പാസ്കൽ ഡ്യുട്ട് ഹുയി ൻസംവിധാനം ചെയ്ത നാടോടി ചലച്ചിത്രമാണ് Silent song. ചില പാശ്ചാത്യ ക്ലാസിക്കൽ സംഗീത ഉപകരണങ്ങൾ ക്കൊപ്പം തനത് സംഗീത ഉപകരണങ്ങളും ഉപയോഗിച്ചുള്ള ഒരു സംഗീത വീഡിയോ രൂപത്തിലാണ് ഈ ചലച്ചിത്രം ഒരുക്കിയിരി ക്കുന്നത്. 2ഏകാങ്ക നൃത്തങ്ങളും ഒരു ഏകാങ്ക ഗുസ്തിയും കൂടി ഈചലച്ചിത്രത്തിൽ ഒരുക്കിയിരിക്കുന്നു.

യഥാർത്ഥത്തിൽ ഇതെല്ലാം ഉയരുന്ന ആഗോളതാപ നിലയും മനുഷ്യനും തമ്മിലുള്ള സംഘർഷങ്ങളെ ധ്വന്യാത്മകമായി സൂചിപ്പിക്കാനാണ് ഒരുക്കിയിരിക്കുന്നത് .പെൻഡുലം പോലെ ആടിക്കളിക്കുന്ന തെർമോമീറ്ററും നൃത്തരൂപത്തിൽ പശ്ചാത്തലമായി വരുന്ന ഉരുകുന്ന ഹിമാനികളും എല്ലാം ഈ ആശയധാരക്കുള്ള സൂചനകൾ തന്നെ സമുദ്രത്താൽആവൃതമായി കാണിക്കുന്ന ബഹുനില കെട്ടിടങ്ങൾ സംഭവ്യഭാവികാലത്തെ അഭൂത പൂർവ്വമായ സമുദ്രനിരപ്പ് ഉയരുന്നതിന്റെ ലളിത ദൃഷ്ടാന്ത ങ്ങൾ തന്നെ ഒരു കൂറ്റൻ മത്സ്യത്തെ പശ്ചാത്തലമായി ഈ നിശ്ചല മാതൃകയിൽ കൊടുത്തിരിക്കുന്നത്. സമുദ്ര ആവാസ വ്യവസ്ഥയുടെയും സമുദ്ര ഭക്ഷ്യ ശൃംഖലയു ടെയും പ്രശ്നങ്ങളെ ഉദ്ഭൂതമാക്കാൻ ആണ്. സംഗീത വീഡിയോ ആണെങ്കിലും ഒരു മനുഷ്യ ശബ്ദവും ഒരു ഭാഷാ സാഹിത്യവും ഈ ചലചിത്രത്തിൽ ഉപയോഗിച്ചിട്ടില്ല എന്നത് ഈ ചലച്ചിത്രം പങ്കുവയ്ക്കുന്ന സാർവലൗകീക രാഷ്ട്രീയത്തിന്റെ പ്രഖ്യാപനമാണ്.ഇതിൽ ചിത്രീകരി ക്കുന്ന സംഗീത ഉപകരണങ്ങൾ എല്ലാം വായിക്കപ്പെടുന്നത് ഒരു കൊട്ടാരത്തിലാണ് .ദന്തഗോപുരവാസി കളായ പണ്ഡിത സമൂഹമാണ് തങ്ങൾ എന്ന സാക്ഷ്യപ്പെടുത്ത ലാണ് ഇതിലൂടെ നിർവഹിക്കപ്പെടുന്നത്. ചുരുക്കത്തിൽ അനേകം ധ്വനി മാനങ്ങൾ ഉള്ള ഒരു പാരിസ്ഥിതിക നാടോടി ചലചിത്രമായി Silent song മാറുന്നു.




## France

**EGOVERSE/ Jim Trebes/05:11/ English**

ജിം ട്രേ ബ് സ്സംവിധാനം ചെയ്ത ഈ ഫ്രഞ്ച് ചലച്ചിത്രം ഒരു സ്ത്രീ പീഡനത്തെയും കൊലപാതകത്തെയും ചിത്രീകരിക്കുന്നു.ഇത്തരം ഭീകര ദൃശ്യങ്ങൾ ചിത്രീകരിക്കുന്നതിനാൽ ആവാം ഫിലിം നെഗറ്റീവിന്റെ ദൃശ്യപഥമാണ്സ്വീ കരിച്ചിരിക്കുന്നത്. .ചലച്ചിത്രത്തിന്റെ ഭയാനകത കുറയ്ക്കാൻ ഈയൊരു കലാപരമായ തീരുമാനം സഹായിച്ചിട്ടുണ്ട്.

OFFICIAL SELECTION
7th IFFF - INTERNATIONAL FOLKLORE FILM FESTIVAL 2024
@INDIA,KERALA
Thrissur-January 05-10

## France




## Jina And Prometheus/
## Dir: chiya Tchiya/mohammadi ghasrian /
## 12:43 French,Kurdish

ചിയ ടിചിയ ,മുഹമ്മദി ഗബ്രിയൻ സംവിധാനം ചെയ്ത ഫ്രഞ്ച് ചലച്ചിത്രമാണ് ജിന ആൻഡ് പ്രോമിത്യൂസ് . ഇത് ഗ്രീക്ക് ദുരന്ത നാടകകൃത്തായ ആസ് ചിലസ് ബി.സി.479 നും ബി.സി. 424 നും ഇടയിൽരചിച്ച 'പ്രൊമിത്യൂസ് ബൗണ്ട് 'എന്ന നാടകത്തിന്റെസ്വതന്ത്രമായ ചലചിത്ര വിവർത്തനമാണ് .ഈ നാടകത്തിലെ കഥയും സംഭവപരമ്പരകളും ചലച്ചിത്രത്തിൽ പൂർണമായി ഉൾക്കൊള്ളിച്ചിട്ടില്ല. ഇതിവൃത്തത്തിലെ ലഘു നാമ്പ് മാത്രമേ ചലച്ചിത്രത്തിലുള്ളു . ഇതിനു പകരം നാടകത്തെ സ്ത്രീവിമോചനപരമായ രീതിയിൽ ഉടച്ച് വാർത്ത് 12 മിനിട്ടോളം വരുന്ന ഒരു ലഘുചലച്ചിത്രമാക്കി സംഗ്രഹീകൃതമാക്കുകയാണ് സംവിധായകൻ ചെയ്തത്. വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റേയും നാന്ദിയായി മാറിയ അഗ്നി ദേവലോകത്ത് നിന്ന് അപഹരിച്ചു തന്ന യവന പുരാണ വീരനായകൻ ആണ് പ്രോമിത്യൂസ് . ദേവരാജനായ യൂസിസിന് അതിനാൽ പ്രൊമിത്യൂസ് ഒരു തസ്കരനാണ്.അതിനുള്ള ശിക്ഷയാണ് യുഗാന്ത്യം വരെയുള്ള തടവറ ബന്ധനവും പരുന്ത് ഭക്ഷിക്കുന്ന കരളും പ്രസ്തുത ചലച്ചിത്രത്തിൽ ബോധരഹിതനായി ഒരു കൊടും കാനനത്തിനുള്ളിൽ കിടക്കുന്ന വൃദ്ധന്റെ സമീപത്തിരുന്ന് ഒരു യുവതി സഹായത്തിനായി പ്രത്യേക തരത്തിലുള്ള ശബ്ദമുണ്ടാക്കുന്നത് ചിത്രീകരിച്ചാണ് സമാരംഭിക്കുന്നത്. .ഇത് വീക്ഷിക്കുന്ന പ്രോ മിത്യൂസ് ഒരു തീപ്പന്തം എറിഞ്ഞു കൊടുക്കുന്നു.ഇത് വൃദ്ധന്റെ ബോധം തെളിയിക്കുന്നതിനും അയാൾ എഴുന്നേൽക്കുന്നതിനും കാരണമാകുന്നു. ആക്രമിക്കാനായി വന്ന പട്ടാളക്കാരനിൽ നിന്നും യുവതി തീപ്പന്തം ഉപയോഗിച്ച് രക്ഷപ്പെടുന്നു.തുടർന്ന് പന്തം എറിഞ്ഞുകൊടുത്ത പ്രോമിത്യൂസിനെ മനുഷ്യർക്ക് അഗ്നി നൽകി എന്ന കുറ്റത്തിന് യൂസിസിന്റെ അനുചരനായ സൈനികൻ യുഗാന്ത്യം വരെ തടവിലാക്കുന്നു .ഈ വാർത്ത നിർത്സരിണിദേവതയിൽ നിന്ന് കേട്ട യുവതി പ്രോമിത്യൂസിനെ രക്ഷിക്കാൻ പുറപ്പെടുകയും പിന്തുടർന്ന് വന്ന യൂസിസിന്റെ അനുചരനായ സൈനികന്റെ കയ്യിൽ അകപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് സൈനികൻ ഗഗന ബന്ധിതയാക്കുന്നു.യുവതി ഒരു ദേവതയായിരുന്നു എന്ന് നാം അപ്പോൾ തിരിച്ചറിയുന്നു.പല തെറ്റുകളും ചെയ്ത സൈനികൻ ദേവതയെ കൊന്നത് അക്ഷന്തവ്യയുമായ അപരാധമായതിനാൽമന്ദഗതിയിൽ അഴുകി സ്വയം നാശമടയുക എന്ന കഠിനശിക്ഷയ്ക്ക് വിധിക്കപ്പെടുന്നു. ജീവിതത്തിന്റെ ഓരോ നിമിഷവുംനിരാശയുടെ മഹാസാഗര ആഴങ്ങളിൽ പ്രവേശിക്കപ്പെടുന്ന കഠിനശാപമായത് മാറുന്നു. തുടർന്ന് ആക്രമിക്കപ്പെടുന്ന സ്ത്രീകൾക്ക് സമർപ്പിച്ചു കൊണ്ട്ചലച്ചിത്രം സമാപിക്കുന്നു. 'പ്രൊമിത്യൂസ് ബോണ്ട് 'നാടകംസ്ത്രീ വിമോചനപരമായ ആശയം ഉള്ളടങ്ങുന്നതല്ല. അതിനെ അനുധാനീകരിച്ചപ്പോഴാണ് അതിൽ സ്ത്രീ വിമോചനാശയം കയറ്റി വിടാൻ സംവിധായകന് കഴിഞ്ഞത്. സംവിധായകൻറെ മറ്റൊരു പ്രചോദന കേന്ദ്രം 2017 ൽഅമേരിക്കയിൽ ആരംഭിച്ചതും പിന്നീട് ലോകമെങ്ങും വ്യാപിച്ചതുമായ 'മീടു 'പ്രസ്ഥാനമാണ് .ലോറമുൽവെ അതിനും പതിറ്റാണ്ടുകൾക്കു മുൻപേ പറഞ്ഞ സൃഷ്ടിക്കപ്പെടേണ്ട സ്ത്രീപക്ഷ സിനിമയുടെ സവിശേഷതകളും ചലച്ചിത്രത്തിൽ ഉള്ളടങ്ങി യിരിക്കുന്നു.പല ചലച്ചിത്ര നിരീക്ഷകരും സ്ത്രീ വിമോചനം എന്നപെരുമ്പറ മുഴക്കത്തോടെഎത്തുന്ന ചലച്ചിത്രങ്ങൾ പലപ്പോഴും പീഡനരംഗങ്ങളും കൊടും ക്രൂരതകളുംഒരു ഉപഗുഹ നവും ഇല്ലാതെ പ്രദർശിപ്പിച്ച് വനിതകളെ വസ്തു വത്കരിക്കുന്ന വിപണിയുടെ പ്രലോഭനത്തിൽ ആ വൃതമാകുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംവിധായകനായ ചിയടിചിയ മുഹമ്മദി ഗസ്രിയൻ അത്തരം വാദഗതി കൾക്ക് ഒരു പ്രത്യുത്തരം ഈ ചലച്ചിത്ര കാവ്യത്തിലൂടെ നൽകുന്നു.

ഒരു യവനപുരാണ കഥയിൽ നിന്ന് ചലച്ചിത്ര ബീജം സ്വീകരിക്കുമ്പോഴും അതിനെ എത്രത്തോളം സമർത്ഥമായി സ്വകല്പിത ആശയങ്ങളാൽ പുനർ നിർമ്മിക്കാമെന്നതിന്റെയും പ്രത്യക്ഷ ദൃഷ്ടാന്തം കൂടിയാണ് ഈ ചലച്ചിത്രം. അത് ശില്പഘടന ചാതുരിയോടെ സംവിധായകൻ ഉദ്ഭൂതമാക്കുകയും ചെയ്യുന്നു.

OFFICIAL SELECTION
7th IFFF - INTERNATIONAL FOLKLORE FILM FESTIVAL 2024
@INDIA,KERALA
Thrissur-January 05-10




## France - Sabbath/ Alexandra Mignien/13:45 French

അലക്സാണ്ട്ര മിഗ് നൈൻ സംവിധാനം ചെയ്ത ഫ്രഞ്ച് ചലച്ചിത്രമാണ് 'സാബത്ത്' . മധ്യകാലഘട്ടത്തിലെ ഫ്രാൻസിലെ ദുർ മന്ത്രവാദിനികൾക്കെതി രായ മതകോടതി വിചാരണയും മലയിൽ നിന്ന് താഴേക്ക് വീഴ്ത്തി അവരെ കൊല്ലാൻ വിധിക്കുന്നതും ശിക്ഷ നടപ്പിലാക്കി യപ്പോൾ അവരുടെ ശവശരീരങ്ങൾ കാണാതാകുന്നതും , തുടർന്ന് ദുർമന്ത്രവാദിനികൾ തങ്ങളുടെ പ്രതികാരമായി ശിക്ഷ വിധിച്ച പുരോഹിത നെയും അദ്ദേഹത്തിന്റെ അനുചരവൃന്ദത്തെയും തങ്ങൾക്കെതിരെ വധശ്രമത്തിന് ശ്രമിച്ചഒരു ഗ്രാമീണ വൃദ്ധയെയും കൊല്ലുന്നതും ആണ്സാബത്ത് എന്ന ചലച്ചിത്രത്തിന്റെ ഇതിവൃത്തം.യൂറോപ്പിലെ മധ്യകാലഘട്ടത്തെ ഇരുണ്ട യുഗം എന്നാണ് പൊതുവേ ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. ക്രിസ്ത്യൻ മതപുരോഹി ത്വം ജന്മിത്വത്തിലേക്കും ദുഷ് പ്രഭുത്വത്തിലേക്കുംഅധമ സഞ്ചാരം നടത്തുന്ന ത് ഈ ചരിത്ര സന്ധിയിലാണ്.പ്രൊട്ടസ്റ്റന്റ്മത വിപ്ലവത്തിന് പശ്ചാ ത്തലം ഒരുക്കിയ രംഗഭൂമിക ഇതായിരുന്നു.പുരോഹിത പ്രഭുത്വം സ്വേച്ഛാധിപതി കളായി മാറിയസാമൂഹിക പശ്ചാത്തലത്തിലാണ് ' സാബത്തി, ന്റെ കഥ നടക്കുന്നത്. പക്ഷേ സാബത്തിൽ രൂഢമൂലമായിരിക്കുന്ന പ്രമേയം ഈ ചരിത്ര പശ്ചാത്തലത്തിൽ ചരിത്രകാരൻമാർ പ്രകാശിതമാക്കാതെ പോയ മധ്യകാല ഘട്ടത്തിൽ സംഭവിക്കാമായിരുന്ന ലൈംഗിക ചൂഷണങ്ങളുടെ കഥ പറയുന്നു. ഇതിലെ പുരോഹിതന്റെ വഴിവിട്ട സഞ്ചാരവും ദുർമന്ത്രവാദിനികളുമായുള്ള അവിഹിത ബന്ധങ്ങളും ചലച്ചിത്രാന്ത്യത്തിൽ നാം തിരിച്ചറിയുന്നു. അയാളുടെ ഭൂതോച്ചാടനക്രിയകളും , വധശിക്ഷ നടപ്പാക്കലും ഫലപ്രാപ്തിയിലെത്താതെ പോകുന്നതിന്റെ കാരണം ദുർമന്ത്രവാദിനികളുടെ മൊഴിയിൽ നിന്ന് വ്യക്തമാകുന്നു. ചലച്ചിത്രം ഘോഷിക്കുന്നത് മത കാലുഷ്യത്തിനു മേൽ സാമൂഹിക വിപ്ലവ നീതിയുടെ വിജയമാണെങ്കിലും അത് പ്രകൃത്യതീത ശക്തികളുടെ സഹായത്തോടെ അമാനുഷികമായി പോയി. മലയിൽ നിന്ന് താഴേക്കു വീണ ദുർമന്ത്രവാദിനികൾ രക്ഷിക്കപ്പെട്ട വിധം ചലച്ചിത്രത്തിലില്ല. ആയുധങ്ങൾ അരൂപമായ രീതിയിലാണ് പുരോഹിതനെതിരെയുള്ള സംഘട്ടനത്തിൽ പ്രയോഗിക്കപ്പെടുന്നത്. പ്രതിമയായി മാറുന്ന ഒരു ദുർമന്ത്രവാദിനിയുടെ ഭർത്താവിന്റേയും പ്രകൃത്യാതീതശക്തികളിൽ വധിക്കപ്പെടുന്ന തീ വ്രവിശ്വാസിയായ വൃദ്ധയുടെ മരണവും യുക്തി ബോധ ത്തിന് നിരക്കാത്തതായി മാറി. ഒരു പക്ഷേ മന്ത്രിക യഥാതഥ വാദം [Magical Realisam] ഉപയോഗിച്ച് ഇവയെ വേണമെങ്കിൽ വിശദീകരിക്കാം. നാടോടി വിജ്ഞാനീയത്തിലും യുക്തിയും , യുക്തിശൂന്യതയും അനുവദനീയമാ ണല്ലൊ. എങ്കിലും അത്തരം കാര്യങ്ങളിൽ കുറച്ചു കൂടി യുക്തിചിന്ത പുലർത്തിയിരുന്നെങ്കിൽ ഈ ചലച്ചിത്രത്തിന്റെ കലാചാതുരി,അധികമായി ഉയർന്ന വിതാനങ്ങളിലേക്ക് പ്രവേശിക്കുമായിരുന്നു.

OFFICIAL SELECTION
7th IFFF - INTERNATIONAL FOLKLORE FILM FESTIVAL 2024
@INDIA,KERALA
Thrissur-January 05-10




## France
## The Black Pomegranate/  Ali Zare Ghanatnowi/14:17 French, Persian

**അലി സാരെഗാനടനോവി സംവിധാനം ചെയ്ത ഫ്രാൻസിൽ നിന്നുള്ള ഇറാനിയൻ ചലച്ചിത്രമാണ് ദ ബ്ലാക്ക് പോമഗ്രനൈറ്റ് . ഈ ചലച്ചിത്രം ഫ്രാൻസിൽ നിർമ്മിക്കപ്പെട്ട ഇറാനിൽ നിന്ന് പുറത്തുവരുന്ന ചിത്രങ്ങൾ പറയാത്ത രാഷ്ട്രീയമാണ്നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.**

**2022 സെപ്തംബർ 21 ന് ഇറാനിലെ അമോൾ ഗവർണർ ആസ്ഥാനത്ത് സ്ത്രീ വിമോചന സമരത്തിനിടയിൽ സുരക്ഷാസേനയുടെ വെടിയേറ്റ് മരിച്ച ഗാസലാഹ് ചലാബിഎന്ന21 വയസ്സായ എഴുത്തുകാരിയായ യുവതിയുടെ ആത്മകഥാഖ്യാ നമാണ് ഈ ചലച്ചിത്രം . ഈ ഡോക്യുമെൻററി ചലച്ചിത്രത്തിൽ രേഖീയ ചിത്രങ്ങളുടെ ചലനാത്മക ഭാവത്തിൽ കഥാനായിക തന്റെ കഥ പറഞ്ഞു തുടങ്ങുന്നു .ചലച്ചിത്രത്തിൻറെ തുടക്കം മുതൽ ഒടുക്കം വരെ ഈ രേഖീയ ചിത്രത്തിന്റ ചലനാത്മക രൂപമല്ലാതെ കഥാനായക നമുക്കു മുൻപിൽ പ്രത്യക്ഷപ്പെടുന്നില്ല. സംവദിക്കാൻ വ്യക്തമായ ഇടമില്ലാത്തവരുടെ രാഷ്ട്രീയ പ്രതിനിധാനമായി ഈ അവതരണ രീതിയെനമുക്ക് വായിച്ചെടുക്കാം ചലച്ചിത്രത്തിലുടനീളംഇറാനിലെ ചരിത്രപരമായ നിരവധി വനിത വിമോചന പ്രവർത്തകരുടെ വീഡിയോ ദൃശ്യങ്ങൾ, അവരുടെ , വനിത വിമോചന സമരങ്ങൾ ,പോലീസ് ആക്രമണങ്ങൾ എന്നിവയുടെ എല്ലാം മൊണ്ടാഷ്ദൃശ്യങ്ങളുണ്ട്ഈ ഡോക്യുമെൻററിയിൽ . ധ്വനിതലങ്ങളുടെ അടരുകൾ ഇല്ല ,സംവദിക്കാനുള്ളത് ഉച്ചസ്ഥായിയിൽ പ്രേക്ഷിച്ചിരിക്കുന്നു. ഇറാനി യൻ ചലച്ചിത്ര സംസ്കാരത്തിന് ഘടകവിരുദ്ധമായ ഈ സംഗതി പക്ഷേ ഫ്രഞ്ച് സംസ്കാരത്തിന് പഥ്യമാണ്.ലോകത്ത് ഏറ്റവും കൂടുതൽ സ്ത്രീ സ്വാതന്ത്ര്യം ഉള്ള രാജ്യങ്ങളിൽ ഒന്നാണല്ലോ ഫ്രാൻസ്. ആവോളം സ്ത്രീസ്വാതന്ത്ര്യമുള്ള രാജ്യത്തിരുന്നു കൊണ്ട് ഇറാനിലെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് അവതരിപ്പിക്കു കയാണ് ചലച്ചിത്രകാരി ചെയ്യുന്നത്.പക്ഷേ ഈ വീക്ഷണം നാം വാർത്ത മാധ്യമങ്ങളി ലൂടെ അറിയുന്ന പാശ്ചാത്യവും അമേരിക്കൻ മൂല്യബോധപരവുമായഒരു വീക്ഷണ മാണ് .ഈ വീക്ഷണത്തിനപ്പുറം ഉപഗുഹനംചെയ്യപ്പെട്ട വസ്തുതകൾ എന്തെങ്കിലുമുണ്ടോ ഈ ഒരു ചോദ്യത്തിന്റെ രസനീയത എന്തെന്നാൽ ഇറാനിയൻ ചലച്ചിത്രങ്ങൾ ധ്വനീഭൂതമായും വ്യംഗ്യമായുംഭരണകൂട പ്രതിഷേധം അറിയിക്കുമ്പോൾ ലോകമാധ്യമങ്ങളും യൂറോപ്പിൽ നിന്ന് വരുന്ന ഇറാനെ പറ്റിയുള്ള ഇത്തരത്തിലുള്ള ചലചിത്രങ്ങളും പ്രകടമായി തന്നെ ഭരണകൂട വിരുദ്ധ തആവിഷ്കരിക്കും. അതിനപ്പുറമുള്ള വസ്തുതകൾ നമ്മുടെ ബോധ ചക്രവാളത്തിന് അജ്ഞാതമായി ഇന്നും തുടരുന്നു.**







## France

## The Last Transhumance / Ibrahim Louise THALLER, Stanislas GIROUX/ 8:40 /Arabic, French

**അറ്റ്ലസ് പർവ്വതത്തിന്റെ ഉന്നത കൊടുമുടിയിൽ അജപാലനം നടത്തുന്ന നാടോടിയാണ് ഇബ്രാഹിം ലൂയീസ് താലർ .30 വർഷങ്ങൾക്ക് മുൻപ് 120 ഓളം കുടുംബങ്ങൾ നാടോടി അജപാലന വൃത്തിയിൽ ഏർപ്പെട്ടിരുന്നു. വരൾച്ച, ഇവരുടെ അതിജീവനം ദുസ്സഹമാക്കുകയും, ഈ ജോലി ഏറ്റെടുക്കുന്നവരുടെ എണ്ണം ക്രമേണ കുറയുകയും ചെയ്തു. 2022 ൽ ഇബ്രാഹിമും കുടുബവും അവസാനമായി ഈ വൃത്തിയിൽ ഏർപ്പെടുകയും , തുടർന്ന് മറ്റ് ജോലികളിലേയ്ക്ക് ചേക്കേറാൻ ഇബ്രാഹിം നിർബന്ധിതനാകുകയും ചെയ്യുന്നു. ഇതോടെ പ്രാൻസിലെ നാടോടി അജപാലന വൃത്തി ചരമമടയുന്നു. ഈ ഒരു അജ്ഞാത ഫോക്‌ലോറിനെ വിഷയവത്കരിക്കുന്ന ചലച്ചിത്രമാണ് സ്റ്റാൻലിസ് ഗിരൂക്സ് സംവിധാനം ചെയ്ത 'Trans humance എന്ന ഡോക്യുമെന്ററി . ഇവിടെ തൊഴിലിന്റേയും നാടോടി തനിമയുടെയും അന്ത്യം കുറിക്കുന്നത് വരൾച്ചയാണ്. ഭൂഗർഭജലശോഷണം, മഴ ഇല്ലാതാക്കുന്നു കാലാവസ്ഥാ വ്യതിയാനം എന്നിവയാണ് ഇതിനു കാരണഭൂതമാകുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് സമൂഹത്തിലെ അതി ദരിദ്രരെയും പാർശ്വവത്കരിക്കപ്പെട്ടവരെയുമാണെന്ന സത്യത്തെ ഈ ചലച്ചിത്രം അടിവരയിടുന്നു. ഗ്രാമങ്ങളിലെ തൊഴിലുകൾ നശിക്കുമ്പോൾ ഉണ്ടാകുന്ന അനിയന്ത്രിതവും പ്രശ്ന സങ്കീർണവുമായ നഗര കുടിയേറ്റം എന്ന പ്രശ്നത്തെയും ഈ ചലച്ചിത്രം ദ്യോതിപ്പിക്കുന്നുണ്ട്. ഇതിന് ഒരു സാർവ്വരാഷ്ട്രീയമാനമുണ്ടെന്ന് വികസ്വര രാജ്യങ്ങളിലെ അനുഭവങ്ങളിൽ നിന്ന് നമുക്ക് അറിയാം. ഒരു തൊഴിലോ സംസ്കാരമോ നശിക്കുമ്പോൾ അവയോടൊപ്പം നഷ്ടമാകുന്നത് മറ്റു പല മൂല്യങ്ങളുമാണെന്ന് ഈ ചലച്ചിത്രം നമ്മെ ബോധവത്കരിക്കുന്നു. സകലത്തേയും തകർക്കുന്ന ആഗോ ളവത്കരണത്തിന്റേയും സ്വതന്ത്ര വ്യാപാരത്തിന്റെയും യുക്തികൾക്ക്, ലക്ഷ്മണ രേഖകൾ വരക്കേണ്ട കാലം അതിക്രമിച്ചു എന്ന വസ്തുതയും ഈ ചലച്ചിത്രം വ്യംഗ്യമായി സംവേദനം ചെയ്യുന്നുണ്ട്.**

OFFICIAL SELECTION
7th IFFF - INTERNATIONAL
FOLKLORE FILM
FESTIVAL 2024
@INDIA,KERALA
Thrissur-January 05-10




## France

## AYITI, a Haitian story /Clément Beauvois, Kevin Duval, Valentin Gaffie, Alexis Pautler/58:30/ French

**ലോക ചരിത്രത്തിൽ സാമ്രാജ്യത്വ രാജ്യത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയ ആദ്യ അടിമ രാഷ്ട്രമാണ് ഹെയിത്തി . 1803 ൽ , നെപ്പോളിയൻ ബോണപ്പാട്ടിനെ തോൽപ്പിച്ച് ഡമാസ്തി യൂസ് അവർക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തു .ഈ ചരിത്ര കഥ സൂചിതമാക്കിക്കൊണ്ട് തുടങ്ങുന്ന ഡോക്യുമെന്ററി തുടർന്ന് ഹെയ്ത്തിയൻ സംസ്ക്കാരത്തിലേക്കും , അവരുടെ ചിത്രരചനാപാടവത്തിലേക്കും കൊല്ലപ്പണിയുടെ കരവിരുതിലേക്കും വോ  ഡോ മത ആചാരങ്ങളിലേക്കുമെല്ലാം കടന്നു ചെല്ലുന്നു. ഹെയ്ത്തിയൻ ജീവിതത്തിന്റെ ഒരു പരിഛേദം ഈ ചിത്രം നമുക്ക് ദൃശ്യമാക്കി തരുന്നു. ഒരു ദരിദ്രരാജ്യമായ ഹെയ്ത്തി പ്രകൃതിദുരന്തങ്ങളും നേരിടേണ്ടിവരുന്നു. ഭ രണ വർഗ ചൂഷണം, നിരക്ഷരത, കലാകാരന്മാർക്ക് സാമ്പത്തികസുരക്ഷയില്ലായ്മാ , എന്നിങ്ങനെ സർഗ്ഗാന്മ കവികസനത്തിന് വൈതരണികളായി മറ്റുള്ളവർകരുതുന്ന ഇത്തരം കാര്യങ്ങളിൽ നിന്ന് അവർ അവസരങ്ങൾ കണ്ടെത്തി. തെരുവോരങ്ങൾ അവർ ചിത്രകലാ രൂപങ്ങൾ കൊണ്ട് നിറച്ചു. ഇരുമ്പിൽ നിന്നും മറ്റ് പാഴ് വസ്തുക്കളിൽ നിന്നു. ശില്പങ്ങൾ മെനഞ്ഞെടുത്തു. തങ്ങളുടെ ദേശീയ സ്വാതന്ത്ര്യ സ്മരണ ഒരു കാർണിവലായി കൊണ്ടാടി. വോഡോ എന്ന മതത്തിലുടെ അവർ തദ്ദേശീയമായ മത സങ്കല്പങ്ങൾക്ക് ജന്മം നൽകുകയും ആചാരങ്ങളിലൂടെ ആ മതത്തെ ജനമനസ്സുകളിൽ ലബ്ധപ്രതിഷ്ഠമാക്കുകയും ചെയ്തു.**
**സാന്ദർഭികമായി സൂചിപ്പിച്ചാൽ രാഷ്ട്രീയ പ്രാധാന്യമോ സാമ്പത്തിക സാങ്കേതിക ഉന്നതികളോ ഇല്ലാതിരുന്നിട്ടും തങ്ങൾക്ക് ലഭിച്ച സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ ഹെയിത്തിക്കാർ പ്രോജ്ജ്വലിപ്പിച്ചു കൊണ്ടിരിക്കുന്നു.**
**ചുരുക്കത്തിൽ ക്ലമന്റ് ബിയാവുയിസ്, കെവിൻ ഡ്യൂവൽ, വാലന്റീൻ ഗാഫി, അലക്സി സ് പൗട്ടുലർ എന്നിവർ ചേർന്ന് സംവിധാനം ചെയ്ത ഈ ഡോക്യുമെന്ററി ചിത്രം നമ്മുടെ ധൈഷണികമണ്ഡലത്തിൽ പ്രവേശിക്കാൻ ഇടയില്ലാത്ത മഹത്തും നിഗൂഢവുമായ ഒരു രാജ്യത്തിന്റെ സാംസ്കാരിക മണ്ഡലം നമുക്കായി പ്രകാശനം ചെയ്യുന്നു.**







FRANCE - Fatih the Conqueror
Dir: - Onur Yagiz/15:00/French -Turkish

- Festival :Clermont-Ferrand International Short Film Festival Clermont-Ferrand,France
  World Premiere

Onur Yagiz (1986) was born in France to Turkish parents. He studied literature, theatre and film at the Sorbonne-Nouvelle University, before directing "Patika" (2013) and "Toprak" (2017). Fatih the Conqueror is his third film.




France
The Bird and the Sunset /
Dir: Adeline Marot/01:08/ English/Animation

Director Biography - Adeline Marot
Adeline is a French multimedia artist and filmmaker with a background in art direction and audiovisual studies. Driven to create soulful, thought-provoking films, she utilises strong visual compositions to invite viewers into her uniquely poetic, fantastical vision of the world.